2026
SEPTEMBER
17
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# വ്യാപാര കമ്മി കുറഞ്ഞു; ഓഗസ്റ്റിൽ സ്വർണം ഇറക്കുമതിയിൽ ഇടിവ്

**ന്യൂദൽഹി:** മുൻ മാസത്തെ അപേക്ഷിച്ച് കയറ്റുമതിയിൽ ചെറിയ കുറവുണ്ടായെങ്കിലും സ്വർണം ഉൾപ്പടെയുള്ള ഇറക്കുമതിയിൽ വൻ ഇടിവുണ്ടായതിനെത്തുടർന്ന് ഓഗസ്റ്റിലെ ഇന്ത്യയുടെ ചരക്ക് വ്യാപാര കമ്മി അപ്രതീക്ഷിതമായി കുറഞ്ഞു.

ഓഗസ്റ്റിൽ വ്യാപാര കമ്മി 2686 കോടി ഡോളറായി കുറഞ്ഞതായി സർക്കാർ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. ജൂലൈയിലെ 3198 കോടി ഡോളറിൽ നിന്നാണ് ഈ കുറവ്.

ഓഗസ്റ്റിൽ ഇന്ത്യയുടെ ചരക്ക് കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് 26.1 ശതമാനം വർധിച്ച് 4381 കോടി ഡോളറായി നേരിയ തോതിൽ കുറഞ്ഞു. ഇത് ജൂലൈയിലെ 4424 കോടി ഡോളറിനേക്കാൾ കുറവാണെങ്കിലും, കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഓഗസ്റ്റിലെ ഏറ്റവും ഉയർന്ന കയറ്റുമതി നിരക്കാണിത്. അതേസമയം, ഇറക്കുമതി 14.1 ശതമാനം വർധിച്ച് 7076 കോടി ഡോളറിലെത്തി.

എൻജിനിയറിംഗ് ഉത്പന്നങ്ങൾ, പെട്രോളിയം ഉത്പന്നങ്ങൾ, രാസവസ്തുക്കൾ, തുണിത്തരങ്ങൾ എന്നിവയുടെ കയറ്റുമതിയാണ് വളർച്ചയ്ക്കു കരുത്തേകിയത്. യുഎസ്, യൂറോപ്യൻ യൂണിയൻ, ബ്രിക്സ് രാജ്യങ്ങളിൽനിന്നാണ് ഇവയ്ക്ക് കൂടുതൽ ആവശ്യക്കാരുണ്ടായതെന്ന് വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ പറഞ്ഞു.

ഉത്സവസീസണിനു മുന്നോടിയായുള്ള സ്റ്റോക്ക് ശേഖരണം കാരണം ജൂലൈയിൽ സ്വർണം ഇറക്കുമതി കുത്തനെ ഉയർന്നിരുന്നു. ജൂലൈയിലെ 416 കോടി ഡോളറിന്റെ ഇറക്കുമതിയെ അപേക്ഷിച്ച് ഓഗസ്റ്റിൽ സ്വർണം ഇറക്കുമതി പകുതിയോളമായി കുറഞ്ഞ് 230 കോടി ഡോളറിലെത്തി. മുൻ വർഷം ഇതേ മാസം 540 കോടി ഡോളറിൽനിന്ന് 57.7 ശതമാനത്തിന്റെ ഇടിവാണുണ്ടായിരിക്കുന്നത്.

ഇത് രാജ്യത്തിന്റെ ആകെ ഇറക്കുമതിച്ചെലവ് 7622 കോടി ഡോളറിൽനിന്ന് 7067 കോടി ഡോളറായി കുറയ്ക്കാൻ സഹായിച്ചു.

ഓഗസ്റ്റിൽ ചരക്ക്സേവന കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് 25 ശതമാനത്തോളം വർധിച്ച് 8268 കോടി ഡോളറിലെത്തി. ഇതേസമയം മൊത്തം വ്യാപാര കമ്മി ഒരു വർഷം മുന്പത്തെ 1162 കോടി ഡോളറിൽ നിന്ന് 941 കോടി ഡോളറായി കുറഞ്ഞു. എൻജിനിയറിംഗ്, ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വർധനയുണ്ടായി.

ഓട്ടോമൊബൈൽ കയറ്റുമതിയിലെ വളർച്ചയും സേവനമേഖലയിലെ ശക്തമായ പ്രകടനവും ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതിക്ക് കരുത്തേകി. ഇരുചക്ര, മുച്ചക്ര വാഹനങ്ങളുടെ മികച്ച വിൽപ്പനയുടെ കരുത്തിൽ ഓഗസ്റ്റിൽ ഓട്ടോമൊബൈൽ കയറ്റുമതി 22.2 ശതമാനം വർധിച്ച് 6,81,000 യൂണിറ്റുകളായി. എന്നാൽ പാസഞ്ചർ വാഹനങ്ങളുടെ കയറ്റുമതിയിൽ 17 ശതമാനം ഇടിവുണ്ടായതായി സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സ് (സിയാം) പുറത്തുവിട്ട വിവരങ്ങൾ വ്യക്തമാക്കുന്നു. സേവന മേഖലയിലെ കയറ്റുമതി 3887 കോടി ഡോളറിലും ഇറക്കുമതി 2142 കോടി ഡോളറിലുമെത്തി.

ഇതിലൂടെ 1745 കോടി ഡോളറിന്റെ മിച്ചം രേഖപ്പെടുത്തിയതായി വാണിജ്യ മന്ത്രാലയം കണക്കാക്കുന്നു. ഇന്ത്യൻ ഉത്പന്നങ്ങളുടെ ഏറ്റവും വലിയ വിപണിയായി യുഎസ് തുടരുന്നു. ഏപ്രിൽ-ഓഗസ്റ്റ് കാലയളവിൽ യുഎസിലേക്കുള്ള ചരക്ക് കയറ്റുമതി മുൻവർഷത്തെ 4039 കോടി ഡോളറിൽനിന്ന് 4279 കോടി ഡോളറായി ഉയർന്നു.

# വീഗാലാൻഡ് ഡെവലപ്പേഴ്സ് ഐപിഒയ്ക്ക് വൻ സ്വീകാര്യത

**കൊച്ചി:** ഓഹരിവിപണിയിൽ എത്തുന്ന കേരളത്തിലെ ആദ്യ റിയൽ എസ്റ്റേറ്റ് കമ്പനിയായ വീഗാലാൻഡ് ഡെവലപ്പേഴ്സ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരിവില്പന (ഐപിഒ) അവസാനിച്ചു. വിവിധ വിഭാഗങ്ങളിലെ നിക്ഷേപകരിൽനിന്നു മികച്ച പ്രതികരണമാണു ലഭിച്ചത്. മൊത്തം 14.37 മടങ്ങ് സബ്സ്ക്രിപ്ഷൻ ഐപിഒയ്ക്ക് ലഭിച്ചു.

നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽനിന്നും ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽനിന്നുമുള്ള വിവരങ്ങൾ പ്രകാരം ലഭ്യമായ 1.05 കോടി ഷെയറുകൾക്കു പകരമായി 15.08 കോടിയിലധികം ഷെയറുകൾക്കുള്ള അപേക്ഷകൾ ലഭിച്ചു. ആകെ 4,15,636 അപേക്ഷകളാണു ലഭിച്ചത്.

ഓഫർ ഫോർ സെയിൽ ഇല്ലാതെ 100 ശതമാനവും പുതിയ ഷെയറുകൾ പുറത്തിറക്കുന്ന ഈ 210 കോടി രൂപയുടെ ഐപിഒ കഴിഞ്ഞ പത്തുമുതൽ ഇന്നലെ വരെയാണു നടന്നത്. ഒരു ഇക്വിറ്റി ഷെയറിന് 130 രൂപ മുതൽ 140 രൂപ വരെയായിരുന്നു പ്രൈസ് ബാൻഡ്.

ഓഹരികളുടെ അലോട്ട്മെൻറ് ഇന്ന് തീരുമാനിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്വിറ്റി ഷെയറുകൾ 18 ന് എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി സ്ഥാപിച്ച വി ഗാർഡ് ഗ്രൂപ്പിന്റെ ഭാഗമാണ് വീഗാലാൻഡ് ഡെവലപ്പേഴ്സ്.

# ഒറാക്കിളിൽ വീണ്ടും കൂട്ട പിരിച്ചുവിടൽ

**ന്യൂയോർക്ക്:** ആഗോള സോഫ്റ്റ്വേർ ഭീമനായ ഒറാക്കിൾ വീണ്ടും ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുന്നു. ഈ വർഷത്തെ മൂന്നാമത്തെ ലേഓഫ് തരംഗത്തിനാണ് കമ്പനി തുടക്കമിട്ടിരിക്കുന്നത്. 14 ന് യുഎസിലാണ് പിരിച്ചുവിടൽ നീക്കങ്ങൾ ആരംഭിച്ചത്. പിന്നീട് അത് ഇന്ത്യയിലേക്കും വ്യാപിപ്പിച്ചുവെന്നാണ് പുറത്തുവരുന്ന വിവരം.പുലർച്ചെ ആറിന് അയച്ച ഒറ്റ ഇമെയിലിലൂടെയാണ് ജീവനക്കാരോട് ജോലിയിൽ നിന്ന് മാറാൻ മാനേജ്മെൻറ് ആവശ്യപ്പെട്ടത്.

കമ്പനിയുടെ ബിസിനസ് പുനഃസംഘടനയുടെ ഭാഗമായി നിങ്ങളുടെ തസ്തിക റദ്ദാക്കിയിരിക്കുന്നു. അതിനാൽ ഇന്നാണ് നിങ്ങളുടെ അവസാന പ്രവൃത്തിദിനം, ഔദ്യോഗിക ഇമെയിലിൽ ഒറാക്കിൾ വ്യക്തമാക്കുന്നു.പ്രോഡക്ട് എൻജിനിയറിംഗ് ടീമുകളെയാണ് നടപടി ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നതെന്നാണ് പുറത്തുവരുന്ന വിവരം. നടപടി ബാധിച്ച ജീവനക്കാരുടെ എണ്ണത്തെക്കുറിച്ചോ ഇന്ത്യയിലെ പിരിച്ചുവിടലിന്റെ വ്യാപ്തിയെക്കുറിച്ചോ ഒറാക്കിൾ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല.ആഗോളതലത്തിലുള്ള പുനഃസംഘടനയുടെ ഭാഗമായി ഒറാക്കിൾ ഫിനാൻഷ്യൽ സർവീസസ് സോഫ്റ്റ്വേറിലെ ചില മുതിർന്ന ജീവനക്കാരെയും നടപടി ബാധിച്ചതായി റിപ്പോർട്ടുണ്ട്.

നിലവിൽ ഒറാക്കിളിലെ പിരിച്ചുവിടലുകളുടെ കൃത്യമായ എണ്ണം വ്യക്തമല്ലെങ്കിലും ഇന്ത്യയുൾപ്പടെ ആഗോളതലത്തിൽ 3,000ത്തിലധികം ജീവനക്കാരെ നടപടി ബാധിച്ചതായാണ് വിലയിരുത്തലുകൾ.ആഗോളതലത്തിൽ ഒറാക്കിളിലെ ജീവനക്കാരുടെ എണ്ണത്തിൽ 7000ത്തിനും 10,000ത്തിനും ഇടയിൽ തൊഴിലുകൾ നഷ്ടപ്പെടുമെന്നാണ് പുറത്തുവരുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. പുനഃസംഘടന പുരോഗമിക്കുന്നതോടെയും കൂടുതൽ പിരിച്ചുവിടൽ നോട്ടീസുകൾ നൽകുന്നതോടെയും മാത്രമേ അന്തിമ കണക്കുകളിൽ വ്യക്തത വരൂ എന്നാണ് വിലയിരുത്തൽ.




# ബ്രിക്സിൽ ഇന്ത്യയുടെ നീക്കം നിർണായകം

**ന്യൂദൽഹി:** പാശ്ചാത്യ ആധിപത്യത്തിന് വെല്ലുവിളി ഉയർത്തി ബ്രിക്സ് നിർണായക അച്ചുതണ്ടായി മാറുന്നു. മൊത്തം ദേശീയ വരുമാനം അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ ആഗോള വരുമാന വിഹിതത്തിൽ കാര്യമായ മുന്നേറ്റമാണ് സഖ്യം നടത്തുന്നത്. 2011ൽ ആഗോള വരുമാനത്തിന്റെ 21.9 ശതമാനമായിരുന്ന ബ്രിക്സ് വിഹിതം 2023ൽ 29.9 ശതമാനമായി ഉയർന്നു. എന്നാൽ, 2025ഓടെ ഇത് 28.9 ശതമാനമായി നേരിയതോതിൽ കുറയുമെന്നാണ് അനുമാനം.

ബ്രിക്സ് സഖ്യത്തിന്റെ വളർച്ചയ്ക്കു പിന്നിലെ പ്രധാന കരുത്ത് ചൈനയാണ്. 2011ൽ ആഗോള വരുമാനത്തിന്റെ 10 ശതമാനം മാത്രമായിരുന്ന ചൈനയുടെ വിഹിതം 2023ൽ 18.2 ശതമാനമായി ഉയർന്നു. 2025ൽ ഇത് 17.4 ശതമാനമാകുമെന്നാണ് കണക്കാക്കുന്നത്.




ബ്രിക്സ് സഖ്യത്തിൽ ചൈനയെ മാറ്റിനിർത്തിയാൽ മികച്ച വളർച്ച നിലനിർത്തിയത് ഇന്ത്യ മാത്രമാണ്. ആഗോള വരുമാന വിഹിതത്തിൽ സ്ഥിരവും ശക്തവുമായ മുന്നേറ്റമാണ് ഇന്ത്യ കാഴ്ചവെച്ചത്. 2011ൽ ആഗോള വരുമാനത്തിന്റെ 2.5 ശതമാനം കൈവശം വെച്ചിരുന്ന ഇന്ത്യ, 2025ഓടെ അത് 3.5 ശതമാനമായി ഉയർത്തി. സഖ്യത്തിലെ മറ്റ് അംഗരാജ്യങ്ങൾ സാമ്പത്തിക മുരടിപ്പ് നേരിടുമ്പോൾ ഇന്ത്യയുടെ വളർച്ച പ്രാധാന്യമർഹിക്കുന്നു. ചൈനയുടെ അമിത സ്വാധീനത്തെ പ്രതിരോധിക്കാനും സഖ്യത്തിനുള്ളിൽ സാമ്പത്തിക സമനില നിലനിർത്താനും ഇന്ത്യയുടെ വളർച്ച സഹായകരമാകുമെന്നാണ് വിലയിരുത്തൽ.

മറ്റ് അംഗരാജ്യങ്ങളുടെ സംയുക്ത വിഹിതം പരിശോധിച്ചാൽ ചിത്രം നിരാശാജനകമാണ്. 2011ൽ 11.9 ശതമാനമായിരുന്ന ഇവരുടെ വിഹിതം 2025ഓടെ 11.5 ശതമാനത്തിലേക്ക് താഴുകയാണ് ചെയ്തത്. സഖ്യത്തിനുള്ളിലെ 'സാമ്പത്തിക മുരടിപ്പ്' ഇത് വെളിപ്പെടുത്തുന്നു. ചൈനയെ ഒഴിവാക്കിയാൽ, ബാക്കിയുള്ള അംഗരാജ്യങ്ങൾ ആഗോള വരുമാന വിഹിതത്തിൽ തിരിച്ചടിയാണ് നേരിടുന്നത്

# വയോജനങ്ങളുടെ പരിചരണത്തിനും സംരക്ഷണത്തിനുമായി സമഗ്ര നിയമനിർമാണവുമായി കേരളം

**തിരുവനന്തപുരം:** സംസ്ഥാനത്തെ വയോജനങ്ങളുടെ പരിചരണം, ക്ഷേമം, അന്തസ്സ്, അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി തയ്യാറാക്കുന്ന കേരള സംസ്ഥാന വയോജന (പരിചരണവും അവകാശ സംരക്ഷണവും) ബിൽ, 2026 സംബന്ധിച്ച് മുഖ്യമന്ത്രി അവലോകന യോഗം നടത്തി. ബില്ലിന്റെ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനും നിയമ നിർമാണവുമായി സംസ്ഥാന സർക്കാർ ഉടൻ മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കേരളത്തിന്റെ മാറിവരുന്ന ജനസംഖ്യാ ഘടന കണക്കിലെടുത്ത് വയോജന സൗഹൃദമായ സമഗ്ര സംവിധാനം രൂപപ്പെടുത്തുകയാണ് നിർദ്ദിഷ്ട നിയമത്തിന്റെ ലക്ഷ്യം. ആരോഗ്യകരവും സജീവവുമായ വാർധക്യം പ്രോത്സാഹിപ്പിക്കുക, കഴിയുന്നത്ര സ്വന്തം വീടുകളിലും കുടുംബസാമൂഹിക അന്തരീക്ഷത്തിലും തുടരാൻ വയോജനങ്ങൾക്ക് സാഹചര്യമൊരുക്കുക, ആവശ്യമായ ഘട്ടങ്ങളിൽ സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ പരിചരണം ഉറപ്പാക്കുക എന്നിവയ്ക്ക് ബിൽ പ്രാധാന്യം നൽകുന്നു. വയോജന പരിചരണ കേന്ദ്രങ്ങൾ, അസിസ്റ്റഡ് ലിവിങ് സൗകര്യങ്ങൾ, പകൽവീടുകൾ, ഹോം കെയർ ഏജൻസികൾ തുടങ്ങിയ സേവനങ്ങൾക്ക് ആവശ്യമായ നിലവാരവും




ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനുള്ള സംവിധാനവും ബില്ലിൽ വിഭാവനം ചെയ്യുന്നു.

കെയർഗിവിങ് മേഖലയെ പ്രൊഫഷണൽ സംവിധാനമായി വികസിപ്പിക്കുക എന്നത് ബില്ലിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതിനായി കേരള ജെറിയാട്രിക് കെയർ സർട്ടിഫിക്കേഷൻ ഫ്രെയിംവർക്ക് രൂപീകരിക്കാനും, കെയർ ഗിവർമാർക്ക് പരിശീലനം, സർട്ടിഫിക്കേഷൻ, പശ്ചാത്തല പരിശോധന എന്നിവ ഉറപ്പാക്കി പരിശീലനം നേടിയ കെയർഗിവർമാരുടെ സംസ്ഥാനതല രജിസ്റ്റർ തയ്യാറാക്കാനും നിർദ്ദേശമുണ്ട്. ഇതിലൂടെ വയോജന പരിചരണത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനൊപ്പം നൈപുണ്യമുള്ള കെയർ ഗിവിങ് തൊഴിലാളികളെ സൃഷ്ടിക്കാനും പുതിയ തൊഴിലവസരങ്ങൾ ഒരുക്കാനും കഴിയും.

വയോജനങ്ങളുടെ വർധിച്ചുവരുന്ന ആവശ്യങ്ങളെ പുതിയ സാമ്പത്തികതൊഴിൽ അവസരങ്ങളുമായി ബന്ധിപ്പിക്കുന്ന 'സിൽവർ ഇക്കോണമി' വികസിപ്പിക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകും. ഗുണനിലവാരമുള്ള പരിചരണ സേവനങ്ങൾ, സാങ്കേതികവിദ്യ, ആരോഗ്യപരിചരണം, അസിസ്റ്റഡ് ലിവിങ്, ഹോം കെയർ, വയോജന സൗഹൃദ ഉൽപ്പന്നങ്ങൾ, മറ്റ് നവീന സേവനങ്ങൾ എന്നിവ പ്രോത്സാഹിപ്പിച്ച് സേവനം, നൈപുണ്യം, സംരംഭകത്വം, തൊഴിൽ എന്നിവ ഉൾപ്പെടുന്ന സുസ്ഥിരമായ ഒരു വയോജന പരിചരണ മേഖല വികസിപ്പിക്കുകയാണ് ലക്ഷ്യം. നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും പരാതി പരിഹാരത്തിനുമായി സംസ്ഥാനജില്ലാതല സംവിധാനങ്ങളും ബില്ലിൽ വിഭാവനം ചെയ്യുന്നു. ഡിജിറ്റൽസാമ്പത്തിക സുരക്ഷയ്ക്കും പ്രത്യേക പരിചരണം ആവശ്യമായ വയോജനങ്ങൾക്കുള്ള പിന്തുണയ്ക്കും ആവശ്യമായ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. വയോജന സമൂഹത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനൊപ്പം അതിലെ സാധ്യതകളും പ്രയോജനപ്പെടുത്താൻ കേരളം ഇപ്പോൾ തന്നെ തയ്യാറാകണമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. അന്തസ്സ്, ഗുണനിലവാരമുള്ള പരിചരണം, സംരക്ഷണം, സജീവമായ വാർധക്യം എന്നിവയ്ക്ക് മുൻഗണന നൽകുന്ന ഭാവിസജ്ജമായ സംവിധാനം രൂപപ്പെടുത്തുകയാണ് നിർദ്ദിഷ്ട നിയമത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

# ഇഎഫ്എൽ നിയമപ്രകാരം കർഷകരുടെ ഭൂമി നിർബന്ധിതമായി പിടിച്ചെടുക്കില്ല: മന്ത്രി

**തിരുവനന്തപുരം:**പരിസ്ഥിതിലോല നിയമങ്ങൾ പ്രകാരം കർഷകരുടെ ഭൂമി നിർബന്ധിതമായി പിടിച്ചെടുക്കില്ലെന്ന് കർഷക സംഘടനകൾക്ക് വനം മന്ത്രി ഷിബു ബേബി ജോണിന്റെ ഉറപ്പ്. ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമുണ്ടായാൽ നഷ്ടപരിഹാരം നൽകി മാത്രം ഏറ്റെടുക്കും. 98 വില്ലേജുകളെ മാത്രം ഇഎസ്എ പരിധിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും. ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും തോട്ടം മേഖലയെയും ഇഎസ്എ പരിധിയിൽ നിന്നും പൂർണമായും ഒഴിവാക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനമെന്നും മന്ത്രി പറഞ്ഞു. മനുഷ്യവന്യജീവി സംഘർഷ ലഘൂകരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ സംബന്ധിച്ച് മലയോര മേഖലയിലെയും വനാതിർത്തി പ്രദേശങ്ങളിലെയും കർഷക സംഘടനാ പ്രതിനിധികളുമായി സെക്രട്ടേറിയറ്റിൽ നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വന്യജീവി ആക്രമണത്തിൽ വിളനാശത്തിനടക്കം കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം ഗണ്യമായി വർധിപ്പിക്കുമെന്നും അത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടിയെടുക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

വനാതിർത്തി പ്രദേശങ്ങളിലെ എംപിമാർ, എം എൽഎമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, കർഷക സംഘടനകൾ, പരിസ്ഥിതി സംഘടനകൾ എന്നിവരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിഷൻ ഡോക്യുമെന്റ് മന്ത്രി യോഗത്തിൽ അവതരിപ്പിച്ചു. വനവൽക്കരണം ശക്തമാക്കിയും പുൽമേടുകളും ജൈവ വനങ്ങളും പുനഃസ്ഥാപിച്ചും വനത്തിനുള്ളിൽ കുടിവെള്ളത്തിനായി സോളാർ പമ്പുകൾ, മഴക്കുഴി എന്നിവ സ്ഥാപിച്ചും വന്യമൃഗങ്ങളുടെ വ്യാപനം നിയന്ത്രിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കേരളത്തിന്റെ വനാതിർത്തികളിൽ സുരക്ഷാ സംവിധാനം ഒരുക്കും. ഹോട്ട് സ്പോട്ടുകളിൽ ത്രിതല സുരക്ഷാ സംവിധാനം ഏർപ്പെടുത്തും. മൃഗങ്ങളെ അകറ്റാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ദൃശ്യശ്രവ്യ സംവിധാനം ഒരുക്കും. 25 പുതിയ ദ്രുത കർമ സേനയെ നിയോഗിക്കും. ഡ്രോൺ സ്ക്വാഡ് ഏർപ്പെടുത്തും. വന്യമൃഗങ്ങളെ പ്രതിരോധിക്കാനും കർഷകന് ബദൽ വരുമാനമാർഗം കണ്ടെത്താനും സ്മാർട്ട് ഫാമിങ് നടത്തണമെന്നും മന്ത്രി നിർദേശിച്ചു. വനാതിർത്തികളിലേക്ക് മൃഗങ്ങളെ ആകർഷിക്കാതിരിക്കാൻ മഞ്ഞൾ, ഇഞ്ചി, നാരകം തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാലിന്യനിക്ഷേപമാണ് മൃഗങ്ങളെ ആകർഷിക്കുന്ന പ്രധാന ഘടകം എന്നതിനാൽ സംസ്കരണം ശക്തമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കും.

വനസംരക്ഷണത്തിനൊപ്പം കർഷക ക്ഷേമവും ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. വകുപ്പും കർഷകരും സഹകരിച്ചു പോകണം. യഥാർഥ കർഷകരുടെ താല്പര്യങ്ങൾ സർക്കാർ സംരക്ഷിക്കും. എന്നാൽ കയ്യേറ്റക്കാരോട് യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. അത്തരക്കാരെ കർഷകർ തന്നെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു. ഭൂമിക്ക് എൻഒസികൾ നൽകുന്നത് സംബന്ധിച്ച കാലതാമസം പരിഹരിക്കാൻ അദാലത്തുകൾ നടന്നുവരികയാണ്. അവിടെ ലഭിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു. തുടർന്നും അദാലത്തുകൾ സംഘടിപ്പിക്കും. 38 അദാലത്തുകളിലൂടെ 5.31 കോടി രൂപ നഷ്ടപരിഹാരം വിതരണം ചെയ്തു. 100 ദിവസത്തിനകം 519 കിലോമീറ്റർ വിസ്താ ക്ലിയറൻസ് നടത്തി. കാട്ടുപന്നി നിയന്ത്രണത്തിന് തോക്ക് ലൈസൻസുള്ള ഏത് വ്യക്തിയെയും ഷൂട്ടർ ആയി നിയോഗിക്കാൻ ഉത്തരവിറക്കിയതായും മന്ത്രി യോഗത്തിൽ വ്യക്തമാക്കി.

തോക്ക് ലൈസൻസ് ലഭിക്കുന്നതിന് ഏറ്റവുമധികം തടസ്സം സൃഷ്ടിക്കുന്നത് വനം വകുപ്പ് ആണെന്നും അതിന് പരിഹാരം കാണണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. ജണ്ടയെ ഔദ്യോഗിക വനാതിർത്തിയായി പ്രഖ്യാപിക്കണം. മാങ്കുളം വനമായി പ്രഖ്യാപിച്ച വിജ്ഞാപനം തിരുത്തണം. വനാതിർത്തിക്ക് പുറത്തുള്ള പ്രകൃതി വിഭവങ്ങൾ യഥേഷ്ടം ഉപയോഗിക്കാനുള്ള അനുമതി നൽകണം. ഇടുക്കിയിലും ക്യാരിയിങ് കപ്പാസിറ്റി പഠനം നടത്തണം എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ കർഷകരുടെ ഭാഗത്ത് നിന്ന് ഉയർന്നുവന്നു.





# നവരാത്രി ഉത്സവം: മുന്നൊരുക്കങ്ങൾ വിലയിരുത്തി ദേവസ്വം മന്ത്രി

**തിരുവനന്തപുരം:** നവരാത്രി ഉത്സവവുമായി ബന്ധപ്പെട്ട് എല്ലാ ക്രമീകരണങ്ങളും സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ നിർദേശം നൽകി. നവരാത്രി മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നവരാത്രി ഉത്സവവുമായി ബന്ധപ്പെട്ട് കെഎസ്ആർടിസി 65 പ്രത്യേക സർവീസുകൾ നടത്തുമെന്ന് ഗതാഗത മന്ത്രി സി.പി. ജോൺ അറിയിച്ചു. ബെംഗളൂരു, മൈസൂർ, ചെന്നൈ എന്നിവിടങ്ങളിൽ നിന്നുള്ള ഭക്തർക്ക് തിരുവനന്തപുരത്തെത്താൻ സൗകര്യമൊരുക്കുമെന്നും മന്ത്രി അറിയിച്ചു.

ഉത്സവവുമായി ബന്ധപ്പെട്ട് എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയെന്ന് തമിഴ്നാട്ടിൽ നിന്നുള്ള സർക്കാർ ഉദ്യോഗസ്ഥർ അറിയിച്ചു. ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ദേവസ്വം മന്ത്രി നിർദേശം നൽകി. നവരാത്രി വിഗ്രഹ ഘോഷയാത്ര കടന്നുപോകുന്ന പ്രദേശങ്ങളിൽ ഡിജെ പാർട്ടി നടത്താൻ അനുവദിക്കില്ലെന്ന് മന്ത്രി വ്യക്തമാക്കി. നവരാത്രി ഘോഷയാത്രയ്ക്ക് ശുചീന്ദ്രം മുതൽ കേരള പോലീസിന്റെ ഗാർഡ് ഓഫ് ഓണർ നൽകും. കേരള ഫയർ ഫോഴ്സ്, ആരോഗ്യ വകുപ്പിന്റെ ആംബുലൻസ് എന്നിവ ഘോഷയാത്രയെ ശുചീന്ദ്രം മുതൽ അനുഗമിക്കും.

ഒക്ടോബർ 9നാണ് തമിഴ്നാട്ടിലെ പത്മനാഭപുരം കൊട്ടാരത്തിൽ നിന്ന് സരസ്വതീദേവി വിഗ്രഹവും, ശുചീന്ദ്രത്ത് നിന്നും ദേവി വിഗ്രഹവും കുമാരകോവിലിൽ നിന്നും കുമാരസ്വാമി വിഗ്രഹവും വെള്ളിക്കുതിരയും പത്മനാഭപുരം കൊട്ടാരത്തിൽ സൂക്ഷിച്ചിരിക്കുന്ന തിരുവിതാംകൂർ മഹാരാജാവിന്റെ ഉടവാളിനോടൊപ്പം ഘോഷയാത്രയായി യാത്ര തിരിക്കുക. അന്ന് വൈകുന്നേരം 7 മണിയോടുകൂടി കുഴിത്തുറ ശ്രീ മഹാദേവ ക്ഷേത്രത്തിൽ എത്തിച്ചേരും. ഒക്ടോബർ 10ന് വിഗ്രഹഘോഷയാത്ര കേരള തമിഴ്നാട് അതിർത്തിയായ കളിയിക്കാവിളയിൽ എത്തി സ്വീകരണങ്ങൾ ഏറ്റുവാങ്ങും. വൈകുന്നേരം നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിൽ തങ്ങും. ഒക്ടോബർ 11ന് വൈകുന്നേരം 6.30 മണിയോടെ പത്മനാഭസ്വാമി ക്ഷേത്രത്തിനു മുന്നിലെ നവരാത്രി മണ്ഡപത്തിൽ ഘോഷയാത്ര എത്തിച്ചേരും. സരസ്വതി ദേവിയെ നവരാത്രി പൂജയ്ക്കായി നവരാത്രി മണ്ഡപത്തിലും കുമാരസ്വാമിയെ ആര്യശാലയിലും ഉദിത്തനങ്കദേവിയെ ചെന്തിട്ട ദേവീക്ഷേത്രത്തിലും കുടിയിരുത്തും. ഒക്ടോബർ 12 മുതൽ 21 വരെയാണ് പത്ത് ദിവസത്തെ പൂജകൾ.

നവരാത്രി മഹോത്സവം കഴിഞ്ഞ് ഒക്ടോബർ 23 ന് തിരിച്ചെഴുന്നെള്ളത്ത് ആരംഭിക്കും. 23ന് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലും 24ന് കുഴിത്തുറ ശ്രീ മഹാദേവ ക്ഷേത്രത്തിലും 25ന് പത്മനാഭപുരം കൊട്ടാരത്തിലും എത്തും. ഒക്ടോബർ 26ന് കുമാരസ്വാമിയും സരസ്വതി ദേവിയും അവരവരുടെ ക്ഷേത്രങ്ങളിലേയ്ക്ക് മടങ്ങുകയും മുൻ ഉദിത്തനങ്കദേവി ശുചീന്ദ്രം ക്ഷേത്രത്തിൽ തിരിച്ചുകയറുകയും ചെയ്യുന്നതോടെ ഈ വർഷത്തെ നവരാത്രി ആഘോഷങ്ങൾക്ക് സമാപനം കുറിക്കും.

സെക്രട്ടേറിയേറ്റ് ദർബാർ ഹാളിൽ നടന്ന യോഗത്തിൽ എം ആർ ബൈജു എംഎൽഎ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ, ദേവസ്വം കമ്മിഷണർ സുനിൽ കുമാർ, നഗരസഭാ ഡെപ്യൂട്ടി മേയർ ആശാ നാഥ്, സിറ്റി പോലീസ് കമ്മിഷണർ ഡിഐജി അരുൾ ആർ ബി കൃഷ്ണ എന്നിവർ പങ്കെടുത്തു. ജില്ലാ ഭരണകൂടത്തിന്റെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരും തമിഴ്നാട്ടിൽ നിന്നുള്ള ഉദ്യോഗസ്ഥരും വിവിധ ഉത്സവ ആഘോഷ കമ്മിറ്റികളുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.



## മാനന്തവാടി നഗരസഭാ ഓഫീസ് പുതിയ കെട്ടിടത്തിൽ

**മാനന്തവാടി:** മാനന്തവാടി ക്ലബ് കുന്നിൽ നിർമ്മിച്ച പുതിയ നഗരസഭ കെട്ടിടം എം.എൽ.എ. ഉഷ വിജയൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് റോഡിൽ പ്രവർത്തിച്ചിരുന്ന ഓഫീസാണ് ക്ലബ്ബ്കുന്നിലേക്ക് മാറ്റിയത്. നഗരസഭാ വികസന പദ്ധതി വിഹിതവും തനത് ഫണ്ടും വിനിയോഗിച്ച് 15000 ചതുരശ്രയടി വിസ്തീർണത്തിലാണ് പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ചത്. നഗരസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്, കുടുംബശ്രീ, ഹരിതകർമ സേന, തൊഴിലുറപ്പ്, ആരോഗ്യ വിഭാഗം, പൊതുമരാമത്ത്, റവന്യു തുടങ്ങിയ മുഴുവൻ വിഭാഗങ്ങളും ഒറ്റ ഓഫീസിനു കീഴിൽ പ്രവർത്തിക്കും. കോൺഫറൻസ് ഹാൾ, ആയിരം പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം, കാന്റീൻ എന്നിവ രണ്ടാംഘട്ട പ്രവർത്തിയിൽ ഉൾപ്പെടുത്തി നിർമ്മിക്കും. കെട്ടിടത്തിൽ ലിഫ്റ്റ് സംവിധാനം സജ്ജീകരിക്കും. ഉദ്ഘാടനത്തിന് മുന്നോടിയായി വർണാഭമായ ഘോഷയാത്രയും സംഘടിപ്പിച്ചു. നഗരസഭാ ചെയർപേഴ്സൺ ജോക്കബ് സെബാസ്റ്റ്യൻ അധ്യക്ഷനായി. നഗരസഭാ വൈസ് ചെയർമാൻ സിന്ധു സെബാസ്റ്റിയൻ, മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി രാമൻ, തതദ്ദേശഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.സി മജീദ്, നഗരസഭാ മുൻ ചെയർപേഴ്സൺ സി.കെ രക്നവല്ലി, തദ്ദേശ സ്ഥാപന അധ്യക്ഷൻമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കർഷകരെ മറന്ന് രാജ്യത്തിന് നിലനിൽപില്ല: രാജേന്ദ്രപ്രസാദ്

**കൊല്ലം:** കർഷകരെ മറന്നു രാജ്യത്തിനു നിലനിൽപില്ലെന്നു ഡിസിസി പ്രസിഡൻറ് രാജേന്ദ്രപ്രസാദ്. കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങൾക്ക് എതിരെ കേരള പ്രദേശ് കർഷക കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹെഡ് പോസ്റ്റ് ഓഫീസു പടിക്കൽ നടത്തിയ കർഷക അതിജീവനസമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജേന്ദ്രപ്രസാദ്. കർഷകനെ രക്ഷിക്കുക കൃഷിയെ സംരക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്തി കർഷക അതിജീവന സമരത്തിൽ നൂറുകണക്കിന് കർഷകരും കർഷക കോൺഗ്രസ് പ്രവർത്തകരും പങ്കെടുത്തു.

പഴകുളം സതീഷ് മുഖ്യ പ്രഭാഷണം നടത്തി. വിളക്കുപാറ ഡാനിയേൽ, ദിനേശ് മംഗലശേരി, ഷെരീഫ്ദീൻ സംഗീത്, പങ്കജ രാജൻ, ജോസ് വടക്കടം, ജോബി കാട്ടാമ്പള്ളി, മുട്ടമ്പലം രഘു, ചവറ മധു,അയത്തിൽ നിസാം, ജില്ലാ ഭാരവാഹികളായ കണ്ടച്ചിറ യേശുദാസ്, കൗൺസിലർ ധന്യ, ഏറം ഉണ്ണി, എന്നിവർ പ്രസംഗിച്ചു.

# 108 ആംബുലൻസ് ജീവനക്കാർക്ക് ബോണസ് അനുവദിക്കും: മന്ത്രി ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** സംസ്ഥാനത്തെ 108 ആംബുലൻസ് ജീവനക്കാർക്ക് 4,500 രൂപ ബോണസ് അനുവദിക്കാൻ തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കീഴിൽ കോൺട്രാക്ടായി പ്രവർത്തിക്കുന്ന ഇ എം ആർ ഐ ഗ്രീൻ ഹെൽത്ത് സർവീസസിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ 108 ആംബുലൻസ് ജീവനക്കാർക്കും ആനുകൂല്യം ലഭിക്കും. സെക്രട്ടേറിയറ്റിൽ തൊഴിൽ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന ചർച്ചയിൽ തൊഴിലാളി സംഘടനാ പ്രതിനിധികളും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് അധികൃതരും സർവീസ് കോൺട്രാക്ടറായ ഇ എം ആർ ഐ ഗ്രീൻ ഹെൽത്ത് സർവീസസ് പ്രതിനിധികളും പങ്കെടുത്ത യോഗത്തിലാണ് ബോണസ് വിഷയത്തിൽ സമവായത്തിലെത്തിയത്. ഇത് സംബന്ധിച്ച ധാരണാ പത്രത്തിൽ തൊഴിലാളി സംഘടനാ പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും ഒപ്പു വച്ചു. 108 ആംബുലൻസ് സേവനത്തിന്റെ സുഗമമായ പ്രവർത്തനത്തിൽ ജീവനക്കാർ വഹിക്കുന്ന നിർണ്ണായക പങ്കിനെ സംസ്ഥാന സർക്കാർ വിലമതിക്കുന്നതായി മന്ത്രി ബിന്ദു കൃഷ്ണ വ്യക്തമാക്കി. പൊതുജനങ്ങളുടെ ജീവനും ആരോഗ്യത്തിനും പൂർണ്ണ സംരക്ഷണം ഉറപ്പാക്കാൻ തൊഴിലാളികൾക്കും മാനേജ്മെന്റിനും സംസ്ഥാന സർക്കാർ പൂർണ പിന്തുണ നൽകുമെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ പ്രഖ്യാപിച്ച പണിമുടക്കിൽ നിന്നും പിന്മാറുന്നതായി ട്രേഡ് യൂണിയൻ നേതാക്കൾ അറിയിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# സവാള വീട്ടിൽ വളർത്തിയെടുക്കാം

സവാളയ്ക്ക് വില കൂടുമ്പോഴേക്കും അടുക്കളയുടെയും പാചകത്തിന്റെയും കാര്യത്തിൽ ഒരു തീരുമാനമാകും. കാരണം ഭക്ഷണത്തിൽ അത്രയേറെ പ്രാധാന്യമുള്ള ഒന്നാണല്ലോ സവാള. ഉള്ളി ഇടാതെ എങ്ങനെ കറി വയ്ക്കാനാ? എന്ന ചിന്തയിലായിരിക്കും പലരും. മുളകും കറിവേപ്പിലയും പോലെ മുറ്റത്തിറങ്ങി പറിച്ചെടുക്കാൻ പറ്റിയിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് നിങ്ങൾ ഒരിക്കലെങ്കിലും ചിന്തിച്ചിട്ടില്ലേ? എന്നാൽ അത് നടത്തിയെടുക്കാൻ അത്ര ബുദ്ധിമുട്ടൊന്നും ഇല്ല. അത് എങ്ങനെയെന്ന് അറിയാം.

നമ്മുടെ നാട്ടിൽ സവാള കൃഷി ചെയ്യാൻ അനുയോജ്യമായ സമയം നവംബർ മുതൽ നാലു മാസത്തോളമാണ്. ഇവയ്ക്കു നടുമ്പോൾ തണുപ്പും വിളവെടുക്കാറാകുമ്പോൾ ചൂടുമാണ് ആവശ്യം. സവാളയുടെ വിത്ത് പാകി പറിച്ചു നടുന്നതാണ് അഭികാമ്യം. ഉത്തരേന്ത്യയിൽ കൃഷി ചെയ്യുന്ന 'അഗ്രിഫൗണ്ട് ഡാർക്ക് റെഡ്' എന്ന ഇനമാണ് നമ്മുടെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യം. വിത്തുകൾ മിക്ക കൃഷിവിജ്ഞാൻ കേന്ദ്രങ്ങളിലും ലഭിക്കും. വിത്ത് പാകി 10 സെന്റീ മീറ്റർ ഉയരമാകുമ്പോഴേക്കും തൈകൾ പറിച്ചു നടാൻ പാകമാകും. നന്നായി സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്തു വേണം സവാളത്തൈകൾ നടാൻ. ചാണകപ്പൊടി, കോഴിക്കാഷ്ഠം, മണ്ണിരക്കമ്പോസ്റ്റ് തുടങ്ങിയ അടിവളമായി നൽകണം. ഒരടി അകലത്തിൽ വരമ്പെടുത്ത് 10 സെന്റീമീറ്റർ അകലത്തിൽ ചെടികൾ നടാം.



ഗ്രോ ബാഗുകളിൽ ടെറസിലോ അടുക്കളമുറ്റത്തോ ഇത് നടാവുന്നതാണ്. ബാഗിൽ വെള്ളം കെട്ടിനിൽക്കാതെ ശ്രദ്ധിക്കണം. നല്ല നീർവാർച്ചയുള്ള മണ്ണിൽ സവാള കൃഷി ചെയ്യണം. അല്ലെങ്കിൽ അഴുകൽ ഉണ്ടാവും. ഇളക്കമുള്ള മണ്ണാണ് കൂടുതൽ അനുയോജ്യം. സാധാരണ ഗ്രോ ബാഗിൽ രണ്ടു മൂന്ന് തൈകൾ ആവാം.

വളരെ നേരിയ വേരുപടലമായതിനാൽ നനയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവേണം. ഉള്ളിയാകുന്ന സമയത്ത് നനവ് അത്യാവശ്യമാണ്. നനകുറഞ്ഞാൽ വിളവിനെ ബാധിക്കും. കൂടിയാൽ അഴുക്കൽ രോഗത്തിനുള്ള സാധ്യത കൂടുകയും ചെയ്യും. വിളവെടുപ്പിന് മുമ്പായി നന കുറയ്ക്കാവുന്നതാണ്.

മണ്ണിരക്കമ്പോസ്റ്റോ പുളിപ്പിച്ച പിണ്ണാക്കോ കാലിവളമോ മറ്റേതെങ്കിലും ജൈവവളമോ സമൃദ്ധമായി നൽകാം. ആഴ്ചയിൽ രണ്ടു തവണ പുളിപ്പിച്ച് നേർപ്പിച്ച പിണ്ണാക്ക് ലായനി ഒഴിച്ചുകൊടുക്കാം. മഗ്നീഷ്യം, ബോറോൺ, സൾഫർ തുടങ്ങിയ മൂലകങ്ങൾ അടങ്ങിയ സൂക്ഷ്മവളക്കൂട്ടുകൾ ഒഴിച്ചുകൊടുക്കുന്നത് നല്ലതാണ്. അഴുകലാണ് പ്രധാന രോഗം. അതിനാൽത്തന്നെ വെള്ളം നനയ്ക്കുന്നത് ശ്രദ്ധിച്ചു ചെയ്യുക. ഇലകരിച്ചിൽ, കട അഴുകൽ എന്നിവയൊഴികെ കാര്യമായ കേടുകളൊന്നും ഇതുവരെ ശ്രദ്ധയിൽ പെട്ടിട്ടില്ല. കൈറ്റിൻ സ്യൂഡോമോണാസ് 10 ദിവസം ഇടവിട്ട് 20 ഗ്രാം ഒരു ലിറ്റർ എന്ന തോതിൽ തളിച്ച് കൊടുത്താൽ ഒരു പരിധിവരെ രോഗങ്ങളെ അകറ്റിനിർത്താം.

തൈകൾ നട്ട് മൂന്നര നാലു മാസം പ്രായമാകുമ്പോൾ വിളവെടുക്കാം. ഇലകൾ വാടി കരിയുമ്പോഴേക്കും പറിച്ചെടുത്ത് തണലിൽ ഉണക്കുക. അതിനുശേഷം തണ്ട് മുറിച്ചുമാറ്റി ഉണക്കി ഉപയോഗിക്കാം. ഒരു സെന്റിൽനിന്ന് ഏകദേശം 25-30 കിലോഗ്രാം വിളവ് പ്രതീക്ഷിക്കാം.

# കേരളത്തിൽ വാഴകൃഷിക്ക് ഇരുട്ടടി, പടർന്ന് പിടിച്ച് ഫ്യൂസോറിയം വാട്ടം

കേരളത്തിലെ വാഴ കർഷകർക്ക് പ്രതിസന്ധിയായി ഫ്യൂസോറിയം വാട്ടം (പനാമ വാട്ടം) പടർന്ന് പിടിക്കുന്നു. വാഴകൾ ഇടഭാഗം വച്ച് നശിച്ച് ഒടിഞ്ഞു പോകുന്ന രോഗാവസ്ഥയാണിത്. ഓണവിപണി പ്രതീക്ഷിച്ച് വാഴകൃഷി നടത്തിയ പലയിടത്തും ഇനിയും കുലകൾ വിൽക്കാനിരിക്കെയാണ് അപ്രതീക്ഷിതമായി പനാമ വാട്ടം പടർന്ന് പിടിക്കുന്നത്.

ഫംഗസ് ബാധയായ ഈ രോഗം മണ്ണിൽ ജീവിക്കുന്ന ഫ്യൂസേറിയം ഓക്സിസ്പോറം ക്യൂബെൻസ് എന്ന പൂപ്പലാണ് പടർത്തുന്നത്. കേരളത്തിൽ വ്യാപകമായി കൃഷി ചെയ്യുന്ന ഞാലിപ്പൂവൻ, ചെങ്കദളി, പൂവൻ, റസ്താളി തുടങ്ങിയ വാഴയിനങ്ങളെയാണ് പ്രധാനമായും രോഗം ദോഷകരമായി ബാധിക്കുന്നതെന്ന് കർഷകർ പറയുന്നു. നേന്ത്രവാഴയെ ഈ ഫംഗസ് ബാധ സാധാരണയായി ബാധിക്കാറില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഴവിത്തുകളിൽ നിന്നാണ് ഈ രോഗം നാട്ടിലെത്തിയത്. മുളയിലേ നുള്ളിയാൽ... എന്ന നാടൻ പ്രയോഗം പോലെ തന്നെ വളരെ പ്രധാനമാണ് ഈ രോഗാവസ്ഥയുടെ തുടക്കം തിരച്ചറിയുക എന്നുള്ളത്. തുടക്കത്തിലെ തിരിച്ചറിഞ്ഞ് മതിയായ ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ എത്ര വലിയ തോട്ടമായാലും രോഗം പടർന്ന് പിടിക്കും. മണ്ണിലുള്ള ഈ ഫംഗസുകൾ വാഴയുടെ വേരിലൂടെയാണ് ഉള്ളിലേക്ക് കടക്കുന്നത്. മണ്ണിൽ നിന്ന് വേരിലൂടെ വലിച്ചെടുക്കുന്ന ജലത്തെ ഇവ തടസ്സപ്പെടുത്തിയാണ് രോഗത്തിന് തുടക്കമിടുന്നത്. ഉള്ളിലേക്ക് ജലാംശം കയറാതെ വരുന്നതോടെ ഫംഗസുകൾ വളരെ വേഗം പ്രവർത്തനങ്ങൾ ആരംഭിക്കും. ഇതോടെ രോഗ ലക്ഷണങ്ങൾ ഓരോന്നായി പ്രകടമാകും. ചുവട്ടിൽ നിന്നാണ് ഇവ മുകളിലേക്ക് കയറുന്നത്. വേര് മുതൽ നശിപ്പിക്കുന്ന ഇവ വളരെ വേഗം വാഴയെ നിലപൊത്തിക്കും. ആദ്യം ഏറ്റവും താഴെയുള്ള ഇലകളുടെ അരികുകളിലേക്ക് മഞ്ഞനിറം വ്യാപിപ്പിക്കും. ശേഷമാണ് ഇലയുടെ മധ്യഭാഗത്തേക്ക് നീങ്ങുന്നത്. പൂർണമായും മഞ്ഞനിറത്തിലെത്തുന്ന ഇലകൾ തണ്ടിലേക്കും വ്യാപിച്ച് ഇലയും വാഴയുടെ അഗ്രഭാഗവും തമ്മിൽ ചേരുന്ന ഭാഗത്ത് വച്ച് ഒടിയും. ക്രമേണെ ഇവ താഴേക്ക് പതിക്കും. രോഗം മൂർച്ഛിക്കുമ്പോൾ വാഴ വളരെ വേഗം നശിക്കുമെന്നും കർഷകർ പറഞ്ഞു. ഫംഗസ് ബാധ ഉണ്ടായാൽ പ്രധാനം രോഗബാധ തിരിച്ചറിയുക എന്നുള്ളതാണ്. വാഴയിലുണ്ടാകുന്ന ചില മാറ്റങ്ങൾ മനസ്സിലാക്കിയാൽ ഇത് തിരിച്ചറിയാനാകുമെന്നാണ് വിദഗ്ധർ പറയുന്നത്. രോഗം ബാധിച്ച ശേഷമാണ് നോക്കുന്നതെങ്കിൽ വാഴയുടെ ഉൾഭാഗം പരിശോധിച്ചാലും വ്യക്തമാകും. കിഴങ്ങോ തണ്ടോ വെട്ടിമുറിച്ചാൽ ഉൾഭാഗത്തെ കോശങ്ങൾക്ക് നിറം മാറ്റം സംഭവിച്ചത് വ്യക്തമാകും. കടും ചുവപ്പോ, കറുപ്പോ നിറത്തിൽ കോശങ്ങൾ കാണപ്പെടുന്ന സാഹചര്യമാണെങ്കിൽ രോഗം ഇതാണെന്ന് ഉറപ്പിക്കാം.

ഫംഗസ് കോശങ്ങൾ വാഴയുടെ ജലവാഹകക്കുഴലുകളിൽ നിറഞ്ഞ് അവ പൂർണമായും അടച്ചുകളയുന്നതുകൊണ്ടാണ് നിറംമാറ്റം സംഭവിക്കുന്നത്. വെള്ളവും ലവണങ്ങളും മുകളിലേക്ക് എത്താതെ വരുന്നതോടെ വളരെ വേഗം ഫംഗസ് വ്യാപിക്കുകയും ചെയ്യും. രോഗം ബാധിച്ചാൽ വെട്ടികളയാൻ നിൽക്കേണ്ടതില്ല, അതിന് മുൻപായി വാഴ ഒടിഞ്ഞു താഴേക്ക് പതിക്കും. ഒരു വാഴയിൽ ഫംഗസ് കയറിയാൽ വളരെ വേഗം തോട്ടം മുഴുവൻ വ്യാപിക്കാനും സാധ്യതയുണ്ട്. കുലച്ച വാഴകളിലാണ് രോഗമെങ്കിൽ കായകൾ മൂപ്പാകാതെ നശിച്ചു പോകുകയും ചെയ്യും.



ഫ്യൂസേറിയം പൂപ്പലുകൾ മണ്ണിൽ വർഷങ്ങളോളം യാതൊരു കേടുപാടും കൂടാതെ നിലനിൽക്കാൻ സാധിക്കുന്നവയാണ്. ഏതൊക്കെ രീതിയിൽ ഇവയെ തുരത്താൻ ശ്രമിച്ചാലും സാന്നിധ്യം മണ്ണിലുണ്ടാകുമെന്ന് ചുരുക്കം. രോഗബാധയുള്ള വാഴച്ചുവട്ടിൽ നിന്ന് ശേഖരിക്കുന്ന കന്നുകൾ (വിത്ത്) പുതിയ തോട്ടങ്ങളിൽ നടുമ്പോഴാണ് ഈ രോഗം പ്രധാനമായും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് പടരുന്നത്. ആ വിത്തുകൾ മാറ്റി നട്ടാൽ പുതിയ സ്ഥലത്തും രോഗ വ്യാപനം നടക്കും. വാഴത്തോട്ടത്തിൽ നിശ്ചിത അകലത്തിൽ അല്ലാതെ വാഴ നട്ടിട്ടുണ്ടെങ്കിൽ വേരിലൂടെ വേഗത്തിൽ തോട്ടത്തിലെ മുഴുവൻ വാഴകളിലേക്കും ഇത് വ്യാപിക്കും. രോഗബാധയുള്ള തോട്ടത്തിലൂടെ ഒഴുകുന്ന വെള്ളത്തിലൂടെയും കൃഷി ഉപകരണങ്ങൾ വഴിയോ ഒക്കെ ഫംഗസ് വ്യാപിക്കാൻ സാധ്യതയുണ്ട്. രോഗവ്യാപനത്തെ ചെറുത്തെങ്കിൽ മാത്രമേ കൃഷിയെ താങ്ങി നിർത്താനും നഷ്ടത്തിന്റെ തോത് കുറയ്ക്കാനും സാധിക്കുകയുള്ളു.



# കാലാവസ്ഥാവ്യതിയാനം ചെറുക്കാൻ സർവകലാശാലകൾ മുൻകൈയെടുക്കണം: മന്ത്രി ടി. സിദ്ദിഖ്

**കൽപ്പറ്റ:** ആഗോള താപനവും കാലാവസ്ഥാവ്യതിയാനവുംമൂലം കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാൻ സർവകലാശാലകൾ മുൻകൈയെടുക്കണമെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ്. അമ്പലവയൽ കാർഷിക കോളജിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും പുതിയ വിള ഇനങ്ങളുടെ പ്രകാശനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാവ്യതിയാന പ്രതിരോധശേഷിയുള്ള കാർഷികരീതികളും പുതിയ ഇക്കോ സിസ്റ്റവും സർവകലാശാലകളുടെ നേതൃത്വത്തിൽ വികസിപ്പിക്കണം.

വരൾച്ച, അതിതീവ്ര മഴ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രതിഭാസങ്ങളിൽനിന്നു കർഷകരെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർവകലാശാലകൾ നേതൃത്വം നൽകണം. അമ്പലവയൽ കാഷിക കോളജിന് പുതിയ കളിസ്ഥലം ഒരുക്കാൻ വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. അമ്പലവയൽ കാർഷിക കോളജിലെ അക്കാദമിക്ക് ബ്ലോക്ക്, തൃശൂർ വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിലെ മോഡൽ കൊക്കോ പ്രൊസസിംഗ് യൂണിറ്റ് ഉദ്ഘാടനവും കാർഷിക സർവകലാശാ ഗവേഷണ വിഭാഗത്തിൻറെ പുതിയ വിള ഇനങ്ങളായ ബ്രഹ്മി, മഞ്ഞൾ, ഇഞ്ചി, മുളക്, രാമച്ചം എന്നിവയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ഐ.സി. ബാലകൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ സ്വന്തമായി വരുമാനം കണ്ടെത്താനുള്ള ഉത്പാദന സംവിധാനങ്ങൾ ഉണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ പ്രഫ. ഡോ.ടി. സജിതാറാണി, രജിസ്ട്രാർ പ്രഫ. ഡോ. മരി റജീന, അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പി. രാജി, ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പ്രസന്ന ശശീന്ദ്രൻ, അമ്പലവയൽ പഞ്ചായത്ത് പ്രസിഡൻറ് എൻ.സി. കൃഷ്ണകുമാർ, നെൻമേനി പഞ്ചായത്ത് പ്രസിഡൻറ് എം.കെ. ഗംഗാധരൻ ആത്താർ, ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ടി. അവറാൻ, അമ്പലവയൽ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻ പി. ഷഫീക്ക്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സൈനബ ഉസ്മാൻ, സനൽ ജോൺ, കൃഷ്ണകുമാരി, പഞ്ചായത്തംഗം കെ. റജില എന്നിവർ പ്രസംഗിച്ചു.

# മഞ്ഞളിപ്പ് രോഗം പടർന്നു പിടിക്കുന്നു

**പെരുമ്പടവ്:** മലയോര മേഖലയിൽ മഞ്ഞളിപ്പ് രോഗം പടർന്നു പിടിക്കുന്നു. ചപ്പാരപ്പടവ്, എരമം കുറ്റൂർ, നടുവിൽ, ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലെ നാളി-കേര-കമുക് കർഷകരാണ് ഇതുമൂലം ദുരിതത്തിലായത്. കായ്ഫലമുള്ള നിരവധി തെങ്ങുകളും കമുകുകളും രോഗബാധയെ തുടർന്ന് ഉണങ്ങി നശിക്കുകയും, ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. വ്യാപകമായ രീതിയിലാണ് മഞ്ഞളിപ്പ് രോഗം പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നത്.



കാലാവസ്ഥ വ്യതിയാനമാണ് രോഗബാധയ്ക്ക് കാരണം. മഞ്ഞളിപ്പിനും കൂമ്പ് ചീയലിനും പുറമേ ഇലകരിച്ചിൽ, ഫംഗസ് രോഗങ്ങൾ എന്നിവയും കൃഷിയിടങ്ങളിൽ വ്യാപകമാണ്. ഇത് ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചു. തെങ്ങിലെയും കമുകിലേയും ഓലകളും വിളകളും ഉണങ്ങിക്കരിയുന്ന വിധത്തിലാണ് രോഗം വ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഓല കരിച്ചിലിന് പിന്നാലെ മരങ്ങളും ഉണങ്ങി നശിക്കുകയാണ്. രോഗബാധ തടയാൻ കുമ്മായം മഗ്നീഷ്യം തുടങ്ങിയവ കൃഷിയിടത്തിൽ പ്രയോഗിക്കുകയും കൃഷിവകുപ്പ് നിർദേശപ്രകാരം മരുന്ന് തളിക്കുകയും ചെയ്യുന്നുണ്ടെങ്കിലും രോഗബാധ നിയന്ത്രണ വിധേയമാകുന്നില്ല. വന്യമൃഗ ശല്യം തുടങ്ങി ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നതിനിടയാണ് കർഷകരെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളി വിടുന്ന വിധത്തിൽ മഞ്ഞളിപ്പ് കൂമ്പ് ചീയൽ രോഗങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നത്. രോഗബാധ പടരുന്നത് തടയാൻ കൃഷിവകുപ്പിൻറെ നേതൃത്വത്തിൽ ശാസ്ത്രീയ പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്നും കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകണമെന്നും ഉള്ള ആവിശ്യം ഉയരുന്നുണ്ട്. സമീപകാലത്തായി തേങ്ങയ്ക്ക് ഉയർന്ന വില ലഭിക്കുന്നുണ്ടെങ്കിലും ഉത്പാദനത്തിൽ ഉണ്ടായ കനത്ത ഇടിവു കാരണം ഉയർന്ന വിലയുടെ ഗുണം കർഷകർക്ക് ലഭിക്കുന്നില്ല. കമുക് കർഷകരും ഇതേ അവസ്ഥയിലാണ്.

# സൂക്ഷ്മാണുക്കളെ പ്രതിരോധിക്കുന്ന സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ്

**കൊച്ചി:** സൂക്ഷ്മജീവികൾ ഉൽപ്പാദിപ്പിക്കുന്ന സ്വാഭാവിക പിഗ്മെന്റ് ഉപയോഗിച്ച് സിങ്ക് ഓക്സൈഡ് സൂക്ഷ്മകണങ്ങളുടെ ആന്റിമൈക്രോബിയൽ ഗുണം മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ സാങ്കേതികവിദ്യ അവതരിപ്പിച്ച് കൊച്ചിയിലെ ഐ.സി.എ.ആർ.സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി(ഐ.സി.എ.ആർ.സിഫ്റ്റ്). ഈ സാങ്കേതികവിദ്യയ്ക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു.

'പ്രോസസ്സ് ഫോർ പ്രിപ്പറേഷൻ ഓഫ് പിഗ്മെന്റ് ടോപ്പ്ഡ് സിങ്ക് ഓക്സൈഡ് പാർട്ടിക്കിൾസ് ' എന്ന സാങ്കേതികവിദ്യക്കാണ് പേറ്റന്റ് ലഭിച്ചത്. ക്രോമോബാക്ടീരിയം വയലേസിയം എന്ന് പേരുള്ള ബാക്ടീരിയ ഉൽപ്പാദിപ്പിക്കുന്ന വയലറ്റ് നിറത്തിലുള്ള പിഗ്മെന്റായ വയലസീൻ ഉപയോഗിച്ചാണ് പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചത്. വയലസീന് സൂക്ഷ്മജീവികളെ പ്രതിരോധിക്കുന്ന ഗുണങ്ങളുണ്ട്.

പരീക്ഷണങ്ങളിൽ, വയലസീൻ പൂശിയ സിങ്ക് ഓക്സൈഡ് സൂക്ഷ്മ കണങ്ങൾക്ക് സാധാരണ സിങ്ക് ഓക്സൈഡ് സൂക്ഷ്മ കണങ്ങളെക്കാൾ മികച്ച ആന്റിമൈക്രോബിയൽ പ്രവർത്തനം കാണാനായി. പാർശ്വഫലങ്ങളുടെ അളവും കുറവായിരുന്നു. പരീക്ഷണ സാഹചര്യങ്ങളിൽ ഏകദേശം 3-4 മടങ്ങ് കൂടുതൽ ആന്റിമൈക്രോബിയൽ പ്രതിരോധ ശേഷി രേഖപ്പെടുത്തി.

രോഗാണുക്കളെ നിയന്ത്രിക്കുന്ന മരുന്നുകൾ, വൈദ്യശാസ്ത്ര രംഗത്തെ വിവിധ ഉൽപ്പന്നങ്ങൾ, ഭക്ഷ്യസംരക്ഷണം തുടങ്ങിയ മേഖലകളിൽ ഈ സാങ്കേതികവിദ്യയ്ക്ക് വളരെയധികം സാധ്യതയുണ്ട്.

ഡോ. വിഷ്ണുവിനായഗം ശിവം, ടീന ജോർജ്, ഡോ. മുരുകദാസ് വൈയാപുരി, ഡോ. ടോംസ് ചെറിയാത്ത് ജോസഫ്, ഡോ. രംഗസാമി അനന്ദൻ, ഡോ. ഗോപാലൻ കൃഷ്ണൻ ശിവരാമൻ, ഡോ. തങ്കരാജ് രാജ സ്വാമിനാഥൻ, ഡോ. ജോർജ് നൈനാൻ എന്നിവരാണ് സാങ്കേതികവിദ്യയുടെ പിന്നിൽ പ്രവർത്തിച്ച ഗവേഷകർ.

# മീൻപിടിത്ത മേഖലയ്ക്കും ഭീഷണിയായി എൽനിനോ; മത്തി, അയല എന്നിവയുടെ ലഭ്യതയും വലുപ്പവും കുറയുമെന്ന് പഠനം

**തിരുവനന്തപുരം:** ശക്തി പ്രാപിക്കുന്ന എൽനിനോ പ്രതിഭാസം കേരളത്തിന്റെ മീൻപിടിത്ത മേഖലയ്ക്ക് വെല്ലുവിളിയാകുന്നു. വരുംമാസങ്ങളിൽ അറബിക്കടലിലെ ചൂട് വർധിക്കാനും മത്തി, അയല തുടങ്ങിയ മത്സ്യങ്ങളുടെ ലഭ്യതയിലും വലുപ്പത്തിലും കുറവുണ്ടാകാനും സാധ്യതയുണ്ടെന്നാണു വിലയിരുത്തൽ.



ഈ മാസം 12ന് സമുദ്ര സ്ഥിതിവിവര നിരീക്ഷണ കേന്ദ്രം നടത്തിയ പഠനത്തിൽ, കേരള തീരത്തിന്റെ 70.81% പ്രദേശത്തും മിതമായ തോതിലുള്ള കടൽച്ചൂട് രേഖപ്പെടുത്തിയിട്ടുണ്ട്. ലക്ഷദ്വീപ് തീരം മിതമായതു മുതൽ അതിതീവ്രമായതുവരെയുള്ള കടൽച്ചൂടിന്റെ പിടിയിലാണ്. എൽനിനോയുടെ തുടർച്ചയായ സ്വാധീനത്തിൽ ഇന്ത്യൻ മഹാസമുദ്രത്തിലെ ഉപരിതല താപനില സാധാരണയെക്കാൾ ഉയരാൻ സാധ്യതയുണ്ടെന്നാണു മുന്നറിയിപ്പ്. ഇതു കേരള തീരത്തും ചൂടു വർധിപ്പിക്കും. കടലിലെ ചൂട് വർധിക്കുന്നത് മത്സ്യങ്ങളുടെ ആവാസമേഖല, സഞ്ചാരപാത, ഭക്ഷ്യലഭ്യത എന്നിവയിൽ മാറ്റമുണ്ടാക്കുന്നുണ്ട്.

എൽനിനോയുടെ ഭാഗമായി സമുദ്രത്തിലെ ചൂടു കൂടുന്നതോടെ, ആഴക്കടലിൽനിന്നു പോഷകസമൃദ്ധമായ ജലം ഉപരിതലത്തിലേക്ക് ഉയരുന്ന സ്വാഭാവിക പ്രക്രിയ ദുർബലമാകും. ഇതോടെ സൂക്ഷ്മ സസ്യങ്ങളുടെ വളർച്ച കുറയുകയും കടലിലെ ഭക്ഷ്യശൃംഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ആഴക്കടൽ ജലം ഉപരിതലത്തിലേക്ക് ഉയരുന്ന പ്രക്രിയ ദുർബലമായതിന്റെ സൂചനകൾ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ തീരങ്ങളിൽ കണ്ടുതുടങ്ങി. എൽനിനോ അടുത്തവർഷം ഫെബ്രുവരി വരെ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രവചിക്കുന്നത്.

# ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ ക്രെഡിറ്റ് ആൻഡ് ഇൻക്ലൂഷൻ ഇൻഡക്സിൽ മുന്നിലായി ടയർ2 നഗരങ്ങൾ

**കൊച്ചി:** പഹ്‌ലെ ഇന്ത്യ ഫൗണ്ടേഷനും ആമസോൺ പേയും ചേർന്ന് ഇന്ത്യയിലെ ആദ്യ സമഗ്ര ഡിജിറ്റൽ ക്രെഡിറ്റ് ആൻഡ് ഇൻക്ലൂഷൻ ഇൻഡക്സ് (ഡി.സി.ഐ.ഐ.) 2026 പുറത്തിറക്കി. 20 സംസ്ഥാനങ്ങളിലെ 100 നഗരങ്ങളിൽ 5,000ലധികം പേരെ ഉൾപ്പെടുത്തി നടത്തിയ പ്രാഥമിക സർവേയുടെ അടിസ്ഥാനത്തിലാണ് ഡി.സി.ഐ.ഐ. തയ്യാറാക്കിയത്. ഡിജിറ്റൽ ക്രെഡിറ്റ് ആരാണ് ഉപയോഗിക്കുന്നത്, എത്ര എളുപ്പത്തിലും എത്രത്തോളം ഉപയോഗിക്കുന്നു, എന്തിനാണ് വായ്പയെടുക്കുന്നത്, ഡിജിറ്റൽ വായ്പയിൽ എത്രത്തോളം വിശ്വാസമുണ്ട്, അതിന്റെ ഉപയോഗം മെച്ചപ്പെട്ട സാമ്പത്തിക ഫലങ്ങളിലേക്ക് നയിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ സൂചിക വിലയിരുത്തുന്നു. പേയ്മെന്റ് ഉപയോഗമോ ആകെ വായ്പാ അളവുകളോ മാത്രം പരിഗണിക്കുന്ന നിലവിലുള്ള മാനദണ്ഡങ്ങൾക്കപ്പുറമാണ് ഡി.സി.ഐ.ഐ.യുടെ വിലയിരുത്തൽ.

ആദ്യ പതിപ്പിൽ ഇന്ത്യയുടെ ദേശീയ ഡി.സി.ഐ.ഐ. സ്കോർ 100ൽ 55.85 ആണ്. ഇതോടെ രാജ്യം 'എമർജിങ് ആൻഡ് സെർവ്ഡ്' വിഭാഗത്തിലാണ്. പേയ്മെന്റ് അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ വായ്പയെക്കുറിച്ചുള്ള അവബോധവും രാജ്യത്ത് ശക്തമായിക്കൊണ്ടിരിക്കുന്നതായി സ്കോർ വ്യക്തമാക്കുന്നു.

ഡിജിറ്റൽ ക്രെഡിറ്റ് ഉൾപ്പെടുത്തലിൽ ടയർ2 നഗരങ്ങൾ മുന്നിലെത്തിയത് അടുത്ത വളർച്ചാ ഘട്ടം എവിടെ നിന്നാകാമെന്നതിന്റെ സൂചനയാണ്. ഡിജിറ്റൽ പേയ്മെന്റുകളിൽ ടയർ1 നഗരങ്ങൾ മുന്നിലാണെങ്കിലും ഡിജിറ്റൽ ക്രെഡിറ്റ് സ്വീകരിക്കുന്നതിൽ ടയർ2 നഗരങ്ങൾ ശക്തമായ കേന്ദ്രങ്ങളായി ഉയർന്നുവരുന്നു. കോയമ്പത്തൂർ, സൂറത്ത്, നാഗ്പൂർ, ഇൻഡോർ, പ്രയാഗ്‌രാജ്, റാഞ്ചി, ഗാസിയാബാദ്, ലുധിയാന തുടങ്ങിയ നഗരങ്ങളാണ് ഈ വളർച്ചയ്ക്ക് നേതൃത്വം നൽകുന്നത്. കൂടുതൽ ഉപയോഗത്തിനൊപ്പം കൂടുതൽ സമതുലിതമായ പങ്കാളിത്തവും ടയർ2 നഗരങ്ങളിൽ കാണപ്പെടുന്നതായി സൂചിപ്പിക്കുന്നു.

## യുവ ഇന്ത്യയുടെ കഠിനാധ്വാനത്തിന് സംഗീതാവിഷ്കാരവുമായി നെസ്കഫെയും സ്പോട്ടിഫൈയും കൈകോർക്കുന്നു

**കൊച്ചി:** യുവ ഇന്ത്യയുടെ തിരക്ക് പിടിച്ച ജീവിതരീതികൾക്കും ലക്ഷ്യപ്രാപ്തിക്കായുള്ള പരിശ്രമങ്ങൾക്കും പുതിയ സംഗീതതാളമൊരുക്കാൻ നെസ്കഫെയും സ്പോട്ടിഫൈയും ഒന്നിക്കുന്നു. ഇതിന്റെ ഭാഗമായി നെസ്കഫെ ഹസിൽ ആന്തം എന്ന പേരിൽ പുതിയൊരു റാപ്പ് ഗാനം പുറത്തിറക്കി. രാത്രി വൈകിയുള്ള പഠന സെഷനുകൾ, സർഗാത്മക അഭിനിവേശങ്ങൾ പിന്തുടരൽ, സ്വന്തമായി എന്തെങ്കിലും നിർമ്മിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി യുവത്വത്തിന്റെ വിവിധ കഠിനാധ്വാനങ്ങളെയും സ്വപ്നങ്ങളെയും കോർത്തിണക്കിയാണ് ഈ ഗാനം തയ്യാറാക്കിയിരിക്കുന്നത്.

യുവജനങ്ങൾക്കിടയിൽ പങ്കാളിത്തവും സംഭാഷണവും ഉണർത്തുക ലക്ഷ്യമിട്ട് സാംസ്കാരിക ട്രെൻഡ്സെറ്റർമാരുടെയും സ്രഷ്ടാക്കളുടെയും നേതൃത്വത്തിലാണ് ഈ ആഴത്തിലുള്ള ബ്രാൻഡ് അനുഭവം അവതരിപ്പിച്ചത്.

കോഡിംഗ്, സംഗീതം, കല, കൂട്ടായ പഠനം തുടങ്ങിയ വിവിധതരം പരിശ്രമങ്ങളെ ദൃശ്യവൽക്കരിക്കുന്ന ഈ ഗാനം മെറ്റ, സ്പോട്ടിഫൈ, യൂട്യൂബ് തുടങ്ങിയ പ്രധാന പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പരസ്യങ്ങൾക്കപ്പുറം യുവ ഇന്ത്യയുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറാനും, അവരുടെ പരിശ്രമങ്ങൾക്ക് കരുത്തുപകരാനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. വിവിധ മേഖലകളിലെ പ്രമുഖ സ്രഷ്ടാക്കളും തങ്ങളുടെ ശബ്ദം ഈ പ്രചാരണത്തിന്റെ ഭാഗമായി കഴിഞ്ഞു.

യുവ ഇന്ത്യ ഹസിൽ അഥവാ തിരക്ക്പിടിച്ച കഠിനാധ്വാനത്തെ പുതിയൊരു തലത്തിലാണ് നിർവചിക്കുന്നത്. കേവലം ജോലിയോ അഭിലാഷമോ എന്നതിലുപരി, തങ്ങൾക്ക് പ്രധാനപ്പെട്ട കാര്യങ്ങൾ സ്വന്തം ശൈലിയിൽ പിന്തുടരുന്നതിനെക്കുറിച്ചാണ് ഇതെന്ന് നെസ്‌ലെ ഇന്ത്യ പൗഡർലിക്വിഡ് പാനീയ വിഭാഗം മേധാവി സുനയൻ മിത്ര വ്യക്തമാക്കി. യുവജന സംസ്കാരത്തോട് ഏറ്റവും ചേർന്നുനിൽക്കുന്ന സംഗീതത്തിലൂടെ ഈ ഊർജ്ജസ്വലമായ മനോഭാവം പ്രതിഫലിപ്പിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്, അദ്ദേഹം കൂട്ടിച്ചേർത്തു.

# ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിദഗ്ധരുടെ ദേശീയ സമ്മേളനം ഇന്നുമുതൽ

**കൊച്ചി:** രാജ്യത്തെ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിദഗ്ധരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്യൂണോഹീമറ്റോളജി (ഐഎസ്ബിടിഐ) യുടെ 51ാം ദേശീയ സമ്മേളനം ട്രാൻസ്കോൺ 26 ഇന്ന് (വ്യാഴം) മുതൽ 20 വരെ ചാക്കോളാസ് പവിലിയൻ കൺവൻഷൻ സെന്ററിൽ നടക്കും. ഐഎസ്ബിടിഐ കേരള ചാപ്റ്ററും തൃശൂർ ഗവ. മെഡിക്കൽ കോളജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗവും ചേർന്നാണ് സമ്മേളനം നടത്തുന്നത്. വിദേശത്തു നിന്നടക്കമുള്ള 1000 ഡോക്ടർമാരും രാജ്യത്തെ വിവിധ മെഡിക്കൽ കോളജുകളിൽ നിന്നുമായി മുന്നോറോളം പിജി വിദ്യാർഥികളും 200 ബ്ലഡ്ബാങ്ക് ടെക്നീഷ്യൻമാരും സമ്മേളനത്തിൽ പങ്കെടുക്കും.

രാവിലെ 9 മുതൽ വൈകിട്ട് 4 വരെ ഡോക്ടർമാർക്കായി തുടർ വിദ്യാഭ്യാസ പരിപാടിയും ശിൽപ്പശാലകളും സംഘടിപ്പിക്കും. തുടർ വിദ്യാഭ്യാസ പരിപാടി രാവിലെ 9ന് കൊച്ചി ലുലു മാരിയറ്റ് ഹോട്ടലിൽ ഐഎസ്ബിടിഐ ദേശീയ പ്രസിഡന്റ് ഡോ. യുധ്ബീർ സിങ് ഉദ്ഘാടനം ചെയ്യും. ദേശീയ സെക്രട്ടറി ഡോ. സംഗീത പതക് അധ്യക്ഷത വഹിക്കും. സംസ്ഥാന പ്രസിഡന്റ് ഡോ. സജിത് വിളമ്പിൽ, സംസ്ഥാന സെക്രട്ടറി ഡോ. ഷൈജി പിഎസ്, സംസ്ഥാന ട്രഷറർ ഡോ. അമിത് ആർ നായർ എന്നിവർ പ്രസംഗിക്കും. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, രാജഗിരി ആശുപത്രി, ആക്ടിമോസ് ലാബ് തുടങ്ങി ജില്ലയിലെ എട്ട് കേന്ദ്രങ്ങളിലായാണ് ശിൽപ്പശാലകൾ നടക്കുക. ഡോ.അന്റോണിയോ പോൾ, ഡോ. വീണ ഷേണായി, ഡോ. ലിൻഡ ജോൺ, ഡോ. നിത്യ എം ബൈജു, ഡോ. അരുൺ വിജെ, ഡോ. വിനു രാജേന്ദ്രൻ, ഡോ. എയ്ഞ്ചൽ മേരി സാം, ഡോ.ചിത്ര ജയിംസ്, ഡോ. രാജേഷ് ആർ ചന്ദ്രൻ, ഡോ. അമൃത ആർ നായർ, ഡോ. അർച്ചന കെ എ, ഡോ.അഞ്ജലി പി എസ്, ഡോ. ആഷ്‌ലി മോൻസൻ മാത്യു എന്നിവർ ശിൽപ്പശാലകൾ നയിക്കും. വെള്ളിയാഴ്ച്ച വൈകിട്ട് 6ന് സമ്മേളനം ആരോഗ്യ സർവകലാശാലാ വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യും. ഐഎസ്ബിടിഐ ദേശീയ പ്രസിഡന്റ് ഡോ. യുധ്ബീർ സിങ് അധ്യക്ഷത വഹിക്കും. മുതിർന്ന ഡോക്ടർമാരെ ചടങ്ങിൽ ആദരിക്കും. ഐഎസ്ബിടിഐ പുരസ്കാരങ്ങളും സമ്മാനിക്കും.

ശനിയാഴ്ച്ച വൈകിട്ട് 4ന് ഐഎസ്ബിടിഐ ദേശീയ കൗൺസിൽ യോഗം നടക്കും. സംഘടനാ കാര്യങ്ങളെ കുറിച്ച് വിശദമായ ചർച്ചകളും അവലോകനങ്ങളും യോഗത്തിൽ ഉണ്ടാവും.നാല് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ വിദഗ്ധർ 20 പ്രബന്ധങ്ങളും 70 പോസ്റ്ററുകളും അവതരിപ്പിക്കും. പിജി വിദ്യാർഥികൾ 30 പ്രബന്ധങ്ങളും 130 പോസ്റ്ററുകളും അവതരിപ്പിക്കും. വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകളും നടക്കും. പിജി വിദ്യാർഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിക്കും. ആരോഗ്യ രംഗത്തെ വിവിധ മേഖലകളെ സമന്വയിപ്പിച്ച് 50 സ്റ്റാളുകളും ഒരുക്കും. വിവിധ കലാപരിപാടികളും നടക്കും. ഞായറാഴ്ച്ച ഉച്ചയ്ക്ക് 12 ന് സമാപന സമ്മേളനം.

## 2,000 രൂപ വരെയുള്ള യുപിഐ ഇടപാടുകൾക്ക് ബാങ്ക് ചാർജുകൾ വിലക്കി വിജ്ഞാപനമായി

**ന്യൂദൽഹി:** 2,000 രൂപ വരെയുള്ള യുപിഐ ഇടപാടുകൾക്ക് ബാങ്ക് ചാർജുകൾ ഈടാക്കുന്നതു വിലക്കിക്കൊണ്ട് പേയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് നിയമത്തിൽ മാറ്റം വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനമിറക്കി.

റുപേ വഴിയുള്ള ഡെബിറ്റ് കാർഡുകളും 2,000 രൂപ വരെയുള്ള യുപിഐ ഇടപാടുകളും വഴി രണ്ട് ഇലക്ട്രോണിക് പേയ്മെന്റ് രീതികൾ 2007 ലെ പേയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട് പ്രകാരം സാധ്യമാക്കുമെന്ന് ധനകാര്യ മന്ത്രാലയം വ്യക്തമാക്കി. ഈ നിർദ്ദിഷ്ട ഇലക്ട്രോണിക് മോഡുകൾ വഴി പണമടയ്ക്കുന്നതിനോ സ്വീകരിക്കുന്നതിനോ ബാങ്കുകൾക്കും സിസ്റ്റം ദാതാക്കൾക്കും നേരിട്ടോ അല്ലാതെയോ ഉപഭോക്താക്കളിൽ നിന്ന് നിരക്ക് ഈടാക്കാൻ കഴിയില്ല.

വ്യക്തികൾ തമ്മിലുള്ള യുപിഐ പേയ്മെന്റുകൾ നടത്തുന്ന ഉപഭോക്താക്കൾക്ക് ഒരു ഇടപാട് ചാർജും നേരിടേണ്ടിവരില്ലെന്ന് ധനകാര്യ മന്ത്രാലയം നേരത്തെ അറിയിച്ചിരുന്നു.

## കവിത ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഓണം ഓഫർ 30 വരെ

**തൃശൂർ:** കവിത ഗോൾഡ് ആൻഡ് ഡയമണ്ട്സ് അവതരിപ്പിച്ച നല്ലോണം പൊന്നോണം ഓഫർ ഈ മാസം 30 വരെ തുടരും.

ജ്വല്ലറിയുടെ ഷോറൂമുകളിൽനിന്നു പർച്ചേസ് ചെയ്യുന്നവരിലെ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലിക്ക് ഒരു ഡയമണ്ട് നെക്ലേസും 10 പേർക്ക് 10 ഡയമണ്ട് റിംഗുകളും സമ്മാനമായി നൽകുന്നതാണ് ചിങ്ങം ഒന്നിന് ആരംഭിച്ച ഈ ഓഫർ. ഓരോ പർച്ചേസിനൊപ്പവും ഉറപ്പായ സമ്മാനങ്ങളും നൽകുന്നുണ്ട്.

സ്വർണാഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം വരെയും, ഡയമണ്ട് ആഭരണങ്ങൾക്ക് 40 ശതമാനം വരെയും ഡിസ്കൗണ്ട്, ഏതു ജ്വല്ലറിയിൽനിന്നു വാങ്ങിയതാണെങ്കിലും പഴയ സ്വർണം എക്സ്ചേഞ്ച് ചെയ്യുമ്പോൾ 100 ശതമാനം മൂല്യത്തോടൊപ്പം 1000 രൂപ അധികം, സ്വർണവിലയുടെ അഞ്ചു ശതമാനം മാത്രം നൽകിയുള്ള അഡ്വാൻസ് ബുക്കിംഗ് സൗകര്യം എന്നിങ്ങനെയുള്ള ആനുകൂല്യങ്ങളും ഈ ഓഫറിൻറെ ഭാഗമാണെന്ന് അധികൃതർ അറിയിച്ചു.



## പാലാ അൽഫോൻസ കോളജിൽ പിജി ഗ്രാജ്വേഷൻ ദിനം

**പാലാ:** അൽഫോൻസ കോളജിൽ ബിരുദാനന്തര ബിരുദ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥിനികളെ ആദരിച്ചു. ചടങ്ങിൽ എംഎ ഇംഗ്ലീഷ്, എംഎ ഇക്കണോമെട്രിക്സ്, എംഎസ്സി സുവോളജി, എംഎസ്സി കെമിസ്ട്രി, എംഎസ്സി ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആൻഡ് ഡയറ്ററ്റിക്സ് എന്നീ കോഴ്സുകളിൽ ഉയർന്ന റാങ്കുകളും ഗ്രേഡുകളും നേടിയ വിദ്യാർഥിനികളെയാണ് ആദരിച്ചത്.

ചീഫ് വിപ്പ് അപു ജോൺ ജോസഫ് ഉദ്ഘാടനം ചെയ്തു. പൗരബോധത്തോടെ സമൂഹത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ വിദ്യാർഥികൾ മുന്നോട്ടുവരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. കോഴ്സ് പൂർത്തിയാക്കിയ ഒരു വിദ്യാർഥിനിക്കൊപ്പം മനോഹരമായ ഗാനം അദ്ദേഹം ആലപിച്ചതും ചടങ്ങിന് വേറിട്ട അനുഭവമായി.

കോളജ് മാനേജർ മോൺ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ഡോ. മിനിമോൾ മാത്യു, വൈസ് പ്രിൻസിപ്പൽമാരായ സിസ്റ്റർ ഡോ. മഞ്ജു എലിസബത്ത് കുരുവിള, മഞ്ജു ജോസ്, ബർസാർ ഫാ. കുര്യാക്കോസ് വെള്ളാച്ചാലിൽ, അസിസ്റ്റൻറ് ബർസാർ ഫാ. ഡോ. ജോബിൻ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.